


# ഞാൻ തന്നെ ആ മനുഷ്യൻ

**ഡൊണാൾഡ് ഇൻഗ്രാം സ്മിത്തിന്റെ 'സുതാര്യ മനസ്സ് – കൃഷ്ണമൂർത്തിയുമൊത്തുള്ള യാത്രകൾ' എന്ന പുസ്തകത്തിൽ നിന്നെടുത്തതാണിത്. 1950ൽ ശ്രീലങ്കയിൽ ഒരു കമ്മ്യൂണിസ്റ്റ് പാർലിമെന്റേറിയനും ജെ. കൃഷ്ണമൂർത്തിയും തമ്മിൽ നടന്ന മുഖാമുഖം.**

വിവർത്തനം : സുമൻ കെ.ബി.

കൊളമ്പൊ പ്രഭാഷണങ്ങൾക്കിടയിൽ ഉരുത്തിരിഞ്ഞ രീതി ഞായറാഴ്ചകളിൽ പൊതുപ്രഭാഷണവും മറ്റു ദിവസങ്ങളിൽ ചർച്ചകളും എന്നതായിരുന്നു. സിന്നമെൻ ഗാർഡനിലെ വാരാന്ത്യപ്രഭാഷണങ്ങളിൽ ആയിരങ്ങൾ പങ്കെടുത്തപ്പോൾ ചർച്ചകളിൽ കൂടുതൽ തൽപ്പരരായ മുന്നൂറോ നാനൂറോ പേർ പങ്കെടുത്തിരുന്നു. ചർച്ചയുടെ ഒരു ദിവസം മുൻനിരക്കസേരകളെല്ലാം ആർക്കോവേണ്ടി നീക്കിവെക്കപ്പെട്ടിരുന്നു. 5.30 ആയതോടെ ശ്രീലങ്കൻ പാർലിമെന്റിലെ പ്രതിപക്ഷത്തിന്റെ മുൻനിര നേതാവും വക്കീലും സൈദ്ധാന്തികനുമായ ഡോ. പെരേരയും മറ്റ് പത്ത് പാർലിമെന്റ് അംഗങ്ങളും ആ കസേരകളിൽ സ്ഥാനം പിടിച്ചു. ഡോ. പെരേര മോസ്കോയിൽ പോയി ഒരു ബുസ്റ്റർ കോഴ്സ് കഴിഞ്ഞതിന്റെ ഉണർവിലായിരുന്നു. എല്ലാ കണ്ണുകളും അങ്ങോട്ട് തിരിഞ്ഞു.

ഞായറാഴ്ചത്തെ പൊതുപ്രഭാഷണങ്ങളിലെ വൻ ജനത്തിരക്കും പത്രങ്ങൾ കൊടുത്ത വാർത്താപ്രധാന്യവുമാണ് ബാരിസ്റ്ററെ ഇതിലേക്ക് ആകർഷിച്ചത്.

ടൗൺഹാൾ ഓഡിറ്റോറിയത്തിൽ ഇടം തികയാതെവന്ന് പുറമെ പുൽത്തകിടിയിൽ ഇരുന്ന് പ്രഭാഷണം കേൾക്കാൻ സൗകര്യം ഒരുക്കിയാണ് പരിപാടി നടത്തിയിരുന്നത്. ഈ കോലാഹലത്തിനുപിന്നിൽ എന്താണെന്നും ഇത്രയും ആകർഷകമായി ഇയാളിൽ എന്തു സന്ദേശമാണ് ഉള്ളതെന്നും അറിയാൻ ഡോ. പെരേരയും കൂട്ടുകാരും തീരുമാനിച്ചു.

കൃഷ്ണമൂർത്തി നിശ്ശബ്ദമായി കടന്നുവന്ന് ചെറിയ പ്ലാറ്റ്ഫോമിൽ ഇരുന്ന് സന്നിഹിതരെ വീക്ഷിച്ചു. "ഇന്ന് നമുക്ക് എന്താണ് ചർച്ച ചെയ്യേണ്ടത്" കൃഷ്ണാജി ചോദിച്ചു. എല്ലാവരും കാത്തിരുന്നു. ഡോ. പെരേര എഴുന്നേറ്റ് നിന്ന് സമൂഹത്തിന്റെ ഘടനയെക്കുറിച്ചും സാമൂഹികമായ ഏകീകരണത്തെക്കുറിച്ചും ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്നു എന്ന് അറിയിച്ചു. അതിന് കമ്മ്യൂണിസത്തിന്റെ അടിസ്ഥാന തത്വങ്ങളെക്കുറിച്ചുള്ള ധാരണ അനിവാര്യമാണ്. സ്റ്റേറ്റിന്റെ പരമമായ അധികാരത്തിന്റെ യുക്തിയും തൊഴിലെടുക്കുന്നവർക്ക് നേരിട്ട് അതിന്റെ പ്രതിഫലം ലഭിക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം വിവരിച്ചു.

മറ്റാരും ഒന്നും ഉരിയാടാത്തതിനാൽ അതുതന്നെയാവും അന്നത്തെ ചർച്ചാവിഷയമെന്ന് ഉറപ്പായിരുന്നു. അദ്ദേഹത്തിന്റെ പ്രാധാന്യവും ചോദ്യത്തിന്റെ വെല്ലുവിളിയും പ്രകടമായിരുന്നു. ഇതുതന്നെയാണോ നമ്മൾ ചർച്ച ചെയ്യേണ്ടത് എന്ന കൃഷ്ണമൂർത്തിയുടെ ചോദ്യത്തിന് ഒരു ഭാഗത്തുനിന്നും മറുപടി ഉണ്ടായില്ല.

കൃഷ്ണമൂർത്തി ഇതിനോട് എങ്ങനെ പ്രതികരിക്കുമെന്നറിയാൻ എല്ലാവരും കാതോർത്തു. "ശരി നമുക്ക് തുടങ്ങാം" ഒരു പുഞ്ചിരിയോടെ കൃഷ്ണമൂർത്തി പറഞ്ഞു. അപ്പോഴും നിൽക്കുകയായിരുന്ന ബാരിസ്റ്റർ കമ്മ്യൂണിസത്തിന്റെ അടിസ്ഥാന വിശ്വാസങ്ങളും യുക്തിയും വസ്തുക്കളുടെ പൊതുഉടമസ്ഥാവകാശവും ഉപയോഗവും തൊഴിലാളികളുടെ പങ്കും വിവരിച്ചു. അദ്ദേഹം ഇരുന്നപ്പോൾ ഭരണകൂടമാണ് എല്ലാമെന്നും വ്യക്തി സകല അധികാരങ്ങളും കയ്യാളുന്ന കേന്ദ്രീകൃത വ്യവസ്ഥയ്ക്ക് അധീനപ്പെട്ടിരിക്കണമെന്നുമുള്ള വാദത്തോട് കൃഷ്ണമൂർത്തി എങ്ങനെ പ്രതികരിക്കുമെന്നറിയാൻ ഉത്സാഹമായി.

എന്നാൽ ബാരിസ്റ്റർ പറഞ്ഞതിനോട് ഒരു തരം വിയോജിപ്പുമില്ലാതെയാണ് കൃഷ്ണമൂർത്തി ആരംഭിച്ചത്. അദ്ദേഹം പറഞ്ഞുതുടങ്ങിയപ്പോൾ ബാരിസ്റ്റർക്ക് എതിരെയുള്ള ഇരിപ്പിടത്തിൽ നിന്നും മാറി, ബാരിസ്റ്ററുടെ കണ്ണിലൂടെ കമ്മ്യൂണിസത്തിന്റെ കാഴ്ചപ്പാടിലൂടെ മനുഷ്യാവസ്ഥയെ നോക്കിക്കാണുന്ന കൃഷ്ണമൂർത്തിയെയാണ് കണ്ടത്. ഒരു തരം ഏറ്റുമുട്ടലുമില്ലാതെ ആ സുന്ദരസങ്കൽപത്തിന് പിന്നിലേക്കുള്ള കൂട്ടായ അന്വേഷണമാണ് നടന്നത്. ചർച്ച ഇതൾ വിരിഞ്ഞ

തോടെ, ഇന്നത്തെ അവസ്ഥയിൽ വ്യവസ്ഥപ്പെട്ടിരിക്കുന്ന മനുഷ്യമനസ്സിനെ ഈ കേന്ദ്രീകൃത വ്യവസ്ഥ സ്വീകരിക്കുന്നതിലേക്ക് എങ്ങനെ അനുനയിപ്പിക്കാം എന്ന ചോദ്യമുണർന്നു. എല്ലാ പരിതസ്ഥിതിയിലും അവസ്ഥയിലും ഉള്ള മനുഷ്യർക്കും ഈ പുനർപഠനം പ്രശ്ന പരിഹാരമാകുമോ?

കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രം എങ്ങനെയാവും യഥാർത്ഥത്തിൽ നടപ്പിൽ വരുത്തുക? എതിർപ്പുകൾ എങ്ങനെയാണ് കൈകാര്യം ചെയ്യുക? ഈ പുനർനിർമ്മാണം കൊണ്ട് പുനഃവ്യവസ്ഥപ്പെടൽ കൊണ്ട് മനുഷ്യന് സമൂഹത്തിന് അഹംബോധത്തിൽനിന്നും മത്സരബുദ്ധിയിൽനിന്നും അന്തർസംഘർഷങ്ങളിൽനിന്നും മോചനം ലഭിക്കുമോ?

അരമണിക്കൂറിനുശേഷവും ഡോ. പെരേര സർവ്വാധിപത്യ ഭരണം വേണമെന്നും നിശ്ചയിക്കപ്പെട്ട തത്വങ്ങൾക്ക് പിന്നിൽ എല്ലാവരും അണിനിരക്കണമെന്നും അല്ലാത്തവരെ അനുസരിപ്പിക്കണമെന്നും പറഞ്ഞുകൊണ്ടിരുന്നു.

പൊടുന്നനെ കൃഷ്ണാജി പിൻവലിഞ്ഞു. അദ്ദേഹം ചോദിച്ചു.

"ഒരു വ്യക്തിയെന്ന നിലയ്ക്ക് ഈ പരമാധികാരത്തിന്റെ തീരുമാനങ്ങൾ എനിയ്ക്ക് സ്വീകരിക്കാൻ കഴിയാത്ത അവസ്ഥ വന്നാൽ എന്തു സംഭവിക്കും? ഞാൻ ഇതുമായി പൊരുത്തപ്പെടുന്നില്ലെങ്കിൽ എന്തു ചെയ്യും.

"വ്യക്തിപരമായ അഭിപ്രായഭിന്നതകൾ വെച്ചുപൊറുപ്പിക്കാൻ കഴിയില്ലെന്ന് നിങ്ങളെ പറഞ്ഞു മനസ്സിലാക്കാൻ ഞങ്ങൾ ശ്രമിക്കും. തീരുമാനം വരുന്നതിന് മുമ്പ് അതിന് സാദ്ധ്യതയുണ്ടാകാം. എല്ലാവരും സഹകരിക്കേണ്ടതായി വരും."

"അനുസരിക്കണം എന്നാണോ പറയുന്നത്"

"അതെ"

"എന്നാൽ ഞാൻ അതംഗീകരിക്കാൻ കഴിയാത്തവനോ, കൂട്ടാക്കത്തവനോ ആണെങ്കിലോ?"

"നിങ്ങളുടെ തെറ്റ് ഞങ്ങൾക്ക് ചൂണ്ടിക്കാണിച്ചു തരേണ്ടതായി വരുന്നു"

"അത് നിങ്ങൾ എങ്ങനെയാവും ചെയ്യുക?"

"സ്റ്റേറ്റിന്റെ തത്വശാസ്ത്രവും നിയമവും എല്ലാ സമയത്തും അവസ്ഥയിലും ഉയർത്തിപ്പിടിക്കേണ്ടതും പാലിക്കേണ്ടതും ആണെന്ന് നിങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടതായി വരും"

"സ്റ്റേറ്റിന്റെ ചില നിയമങ്ങളും വ്യവസ്ഥകളും തെറ്റാണെന്ന് ചിലർ കരുതിയാലോ? പിന്നെ എന്തായിരിക്കും?"

"അയാൾ ഒരു നശീകരണ സ്വാധീനമാകാതിരിക്കാൻ അയാളെ ഞങ്ങൾ തടങ്കലിലാക്കും"

തികഞ്ഞ ലാളിത്യത്തോടെ, വളച്ചുകെട്ടുകളില്ലാതെ കൃഷ്ണമൂർത്തി പറഞ്ഞു:

"ഞാൻ തന്നെ ആ മനുഷ്യൻ"

അമ്പരപ്പ്!! പൊടുന്നനെ പൂർണ്ണമായ മുഖാമുഖം.

ഒരു വൈദ്യുത തരംഗം മുറിയിൽ പ്രവേശിച്ചു. അന്തരീക്ഷം ത്രസിക്കുന്നതായി.

വക്കീൽ വളരെ ശ്രദ്ധയോടെ കരുതലോടെ തുടർന്നു: "നിങ്ങൾക്ക് മനപ്പരിവർത്തനമുണ്ടാകുന്നതുവരെ നിങ്ങളെ ജയിലിൽ പാർപ്പിക്കും. നിങ്ങളെ ഒരു രാഷ്ട്രീയ തടവുകാരനായി പരിഗണിക്കും."

കൃഷ്ണാജി പ്രതികരിച്ചു. "എന്നെപ്പോലെ വീക്ഷിക്കുകയും ചിന്തിക്കുകയും ചെയ്യുന്ന മറ്റുപലരും ഉണ്ടാകും. എനിക്ക് സംഭവിച്ചതെന്താണെന്ന് അവരറിഞ്ഞാൽ നിങ്ങളുടെ അധികാരത്തോടുള്ള എതിർപ്പ് ശക്തിപ്പെടും. ഇത് സംഭവിക്കുന്നു. എതിർചേരിയിലേക്കുള്ള ചലനവും തുടങ്ങുന്നു.

ഡോ. പെരേരരയ്ക്കോ സുഹൃത്തുക്കൾക്കോ സ്വയം വെളിപ്പെടുത്തികൊണ്ടിരിക്കുന്ന ഈ ചർച്ച ഇവിടെനിന്നും തുടരുന്നതിൽ താൽപര്യമില്ലായിരുന്നു. ചിലരിൽ അസ്വസ്ഥത പ്രകടമായിരുന്നു.

കൃഷ്ണാജി തുടർന്നു: "ഞാനാണ് ആ മനുഷ്യൻ. എന്നെ നിശ്ശബ്ദമാക്കാൻ ശ്രമിച്ചാൽ ഞാൻ അനുസരിച്ചെന്ന് വരില്ല. ശ്രദ്ധിക്കാൻ തയ്യാറുള്ള ആരുമായും ഞാൻ സംസാരിക്കും. നിങ്ങൾ എന്നെ എന്തായിരിക്കും ചെയ്യുക?"

ചോദ്യത്തിൽനിന്നും ഒഴിഞ്ഞുമാറാൻ ഒരു പഴുതും ഉണ്ടായിരുന്നില്ല.

"നിങ്ങളെ നീക്കം ചെയ്യും"

"ഇല്ലായ്മ ചെയ്യുമോ?"

"ഒരു പക്ഷെ!! മറ്റുള്ളവരെ മലിനമാക്കാൻ നിങ്ങളെ അനുവദിക്കില്ല"

"എന്നുവെച്ചാൽ?"

"നിങ്ങളെ ഇല്ലായ്മ ചെയ്യേണ്ടി വരും"

നീണ്ട നിശ്ശബ്ദതക്കുശേഷം കൃഷ്ണമൂർത്തി തുടർന്നു: "അപ്പോൾ നിങ്ങൾ എന്നെ രക്തസാക്ഷി ആക്കിയിരിക്കുന്നു" പ്രത്യാഘാതങ്ങളുടെ സൂചനകൾ ദൂരവ്യാപകമായിരുന്നു.

"പിന്നെ എന്തായിരിക്കും?"

കൃഷ്ണമൂർത്തി കാത്തിരുന്നു. പിന്നെ ആ ചർച്ചയുടെ ഗമനമാർഗ്ഗത്തിലൂടെ തന്നെ തിരികെപ്പോയി. പരസ്പര ബന്ധത്തെക്കുറിച്ച് വിശ്വാസങ്ങൾക്കുവേണ്ടിയും ഭാവിക്കായി ഉണ്ടാക്കിയ ബ്ലൂപ്രിന്റുകൾക്കുവേണ്ടിയും പഞ്ചവത്സര പദ്ധതികൾക്കുവേണ്ടിയും മനുഷ്യനെ കുരുതികൊടുക്കുന്നതിനെക്കുറിച്ച് അദ്ദേഹം സംസാരിച്ചു. ആദർശങ്ങളുടെ അനിവാര്യമായ നശീകരണ സ്വഭാവവും മനുഷ്യമനസ്സുകളിൽ സൂത്രവാക്യങ്ങൾ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുമ്പോൾ ഉണ്ടാകുന്ന സംഘർഷവും അദ്ദേഹം വിവരിച്ചു.

പുറമേയുള്ള മാറ്റത്തേക്കാൾ ആന്തരിക പരിവർത്തനത്തിനാണ് ഊന്നൽ നൽകേണ്ടത് എന്ന് അദ്ദേഹം ആവർത്തിച്ചു. ഇത്രയും ആയപ്പോൾ വാസ്തവത്തിൽ പറയേണ്ടതായി ഒന്നും തന്നെ അവശേഷിച്ചിരുന്നില്ല. ഞങ്ങൾ സുഖകരമായ ഏകീഭാവത്തിൽ കുറച്ച് സമയം ഇരുന്നു.

സമയം അതിക്രമിച്ചിരുന്നു.

ഡോ. പെരേര എഴുന്നേറ്റ് കൃഷ്ണമൂർത്തിക്ക് അഭിമുഖമായി നടന്നുനീങ്ങി. തിങ്ങിനിറഞ്ഞ സദസ്സ് വഴികൊടുത്തു. കൃഷ്ണാജി അദ്ദേഹം നടന്നുവരുന്നതുകണ്ട് എഴുന്നേറ്റ് ശ്രദ്ധയോടെ കാത്തുനിന്നു.

ആ ചെറിയ തട്ടിനു മുകളിലേക്ക് കയറിച്ചെന്ന് രണ്ടു കയ്യും നീട്ടി അദ്ദേഹം കൃഷ്ണമൂർത്തിയെ ആലിംഗനം ചെയ്തു. കുറച്ച് നിമിഷങ്ങൾ അവർ അങ്ങനെത്തന്നെ നിന്നു. പിന്നെ ഒന്നും പറയാതെ സുഹൃത്തുക്കളുടെ ഇടയിലേക്ക് നടന്നുപോയി. സദസ്യർ പിരിഞ്ഞുപോകാൻ തുടങ്ങി. ആ യോഗം അവസാനിച്ചിരുന്നു.

*അനുരാഗം/ശ്രദ്ധ, മേച്ചിറ വഴി*
*മുതലമട പി.ഒ., പാലക്കാട്*